പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2014 16.02.2016-ൽ മറുപടിയ്ക്ക്

## കായികനയം പരിഷ്കരിക്കാൻ കർമ്മ പദ്ധതി

**ചോദ്യം**

**ശ്രീ.വി.പി.സജീന്ദ്രൻ**
**ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ.അൻവർ സാദത്ത്**

**മറുപടി**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് കായികനയം പരിഷ്ക്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(എ) 13.02.2015-ലെ സർക്കാർ ഉത്തരവ് നം.24/15/കാ.യു.വ, 09.03.2015-ലെ 37/15/കാ.യു.വ എന്നിവ പ്രകാരം ചുവടെ പറയുന്ന വരെ ഉൾപ്പെടുത്തി സംസ്ഥാന കായിക നയം പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് ഒരു ഹൈപ്പവർ കമ്മിറ്റി രൂപീകരിച്ചിരുന്നു.

1. ഡോ.ജി.എസ്.ജി.അയ്യങ്കാർ ജോയിന്റ് സെക്രട്ടറി, കായികയുവജനകാര്യ മന്ത്രാലയം, കേന്ദ്രസർക്കാർ & വൈസ് ചാൻസിലർ (i/c), എൽ.എൻ.യു.പി.ഇ, ഗ്വാളിയർ - ചെയർമാൻ
2. പത്മശ്രീ.പി.ടി.ഉഷ -മെമ്പർ
3. ഡോ.ദലീൽ സിംഗ് ചൗഹാൻ അർജ്ജുന അവാർഡ് ജേതാവ്, ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ്, കുരുക്ഷേത്ര യൂണിവേഴ്സിറ്റി, ഹരിയാന - മെമ്പർ
4. ഡോ.ബിനു ജോർജ്ജ് വർഗീസ് സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ - കൺവീനർ

5. ദേശീയ ഷൂട്ടിംഗ് പരിശീലകൻ
പ്രൊഫ.സണ്ണി തോമസ്
-മെമ്പർ

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(ബി) സംസ്ഥാന കായികനയ പരിഷ്ക്കരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിനാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിരുന്നത്.

സംസ്ഥാന കായിക വികസനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ഹൈപവർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(സി) ഹൈപ്പവർ കമ്മിറ്റിയിൽനിന്നും ലഭിച്ച റിപ്പോർട്ട് അഭിപ്രായം അറിയിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനു നൽകിയിട്ടുള്ളതും കൗൺസിൽ ആയതിലേയ്ക്കായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 4 അഡ്മിനിസ്ട്രേറ്റീവ് ബോർഡ് അംഗങ്ങൾ ഉൾപ്പെട്ട ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**